// KAKC News & Views
*Kerala Association of Kansas City Newsletter*
**Volume 2, Issue 3** **May 2007**

# ബാക്കിപത്രം - ഹമീദ് അഹമ്മദ്


*Hameed Ahamed*

ഒരു പകൽ കൂടി പിറന്നു. സൂര്യൻ അതിന്റെ നഷ്ടപ്രഭാവം തിരിച്ചു പിടിക്കാനുള്ള പ്രയാണത്തിൽ അതിവേഗം മുന്നോട്ടു പോകുന്നു. ഒപ്പം സമയസൂചികയും. കഴിഞ്ഞ 33 വർഷത്തിനിടക്ക്, ഇന്ന് ആദ്യമായി ജോലിക്കു പോകാൻ ഒരു നേരിയ വൈഷമ്യം. ഒരുപക്ഷേ ഇന്നു റിട്ടയർ ചെയ്തു പിരിയുന്ന ദിവസമായതു കൊണ്ടാവുമൊ? ഉള്ളിൽ നിന്നും ചോദ്യം ഉയരും മുൻപു തന്നെ ഉത്തരവും ലഭിച്ചു. അതെ! അതു തന്നെയാവും കാരണം. ആല്ലെങ്കിൽ, സ്വന്തം ഔദ്യോഗിക ജീവിതത്തിൽ ഒരിക്കൽ പോലും അനാസ്ഥ കാട്ടിയിട്ടില്ലാത്ത ഈ ഹസ്സൻ മാഷിനു ജോലിയിൽ ശുഷ്ക്കാന്തി ഇല്ലാതെ വരികയൊ?........ഇല്ല!! ഒരിക്കലുമില്ല.........ഇതാ ഞാൻ തയ്യാറായി കഴിഞ്ഞു. ജീവിതത്തിന്റെ മറ്റൊരു

മുഖത്തെ കൂടി നേരിടാൻ. അധികം താമസിയാതെ തന്നെ വീട്ടിൽ നിന്നും ഇറങ്ങി, പഴയതെങ്കിലും ഇപ്പോഴും പണിമുടക്കാത്ത ശകടവുമായി ക്രിത്യസമയത്തിനു തന്നെ കോളേജിൽ എത്തി.

സഹപ്രവർത്തകരുടെ ആശംസകളും റിട്ടയർമെന്റ് മീറ്റിങ്ങും ഒക്കെ ആയി ദിവസം കടന്നുപോയതറിഞ്ഞതേയില്ല. ചുറ്റും എന്തൊക്കെയൊ നടന്നു. ലഘു പ്രഭാഷണങ്ങൾ, ഹസ്തദാനങ്ങൾ, ആശംസകൾ. ചെറിയ നേരമ്പോക്കുകൾ... ഒന്നിലും ശ്രദ്ധ പതിപ്പിക്കാൻ കഴിഞ്ഞില്ല. ആകെ ഒരു തരം മരവിപ്പായിരുന്നു. എല്ലാം ഒരുതരം പ്രഹസനമായി തോന്നി. മനസ്സിൽ നിറഞ്ഞ ചിന്തകളുടെ കാർമേഘങ്ങൾക്ക് കടുപ്പം കൂടികൊണ്ടിരുന്നു. ആങ്ങനെ ഒടുവിൽ ഇതാ ആ സമയവും വന്നെത്തിയിരിക്കുന്നു. ഔദ്യോഗിക ജീവിതത്തിനോടു വിട. M.T.M.കോളേജ് പ്രിൻസിപ്പാൾ ഹസ്സൻ മുഹമ്മദ് ഇനി മുതൽ “റിട്ടയേർഡ്”.

ചിന്തകൾക്കു തിരികൊളുത്തി കൊണ്ടാലോചിച്ചു, എന്തിൽ നിന്നാണ് റിട്ടയർമെന്റ് ? മൂന്നര വയസ്സിൽ നിലത്തെഴുതാൻ പിടിച്ചിരുത്തിയപ്പോൾ കുതറി ഓടാൻ ശ്രമിച്ചിരുന്നു എന്നു പിന്നീട് ഉമ്മ പറഞ്ഞറിയാം. അന്നു തുടങ്ങിയ പരക്കം പാച്ചിലാണിത്. ഒരു പന്തയകുതിരയുടെ വീറും വാശിയുമായി ഓടുകയായിരുന്നു ഇതുവരെ....എന്തെല്ലാം മത്സരങ്ങൾ.....പരീക്ഷകൾ...ഏതെല്ലാം വിജയങ്ങൾ, ഇപ്പോൾ ഇതാ, ഇവിടെ എല്ലാം നിർത്താറായിരിക്കുന്നു.

ഇനിയെന്ത്?... വിശ്രമം ആണോ?..എനിക്ക് കഴിയുമൊ ഒരു വിശ്രമ ജീവിതം നയിക്കാൻ? അതും കാലം അടിച്ചേൽപ്പിക്കുന്ന വിശ്രമം. ചില സന്ദർഭങ്ങളിൽ മനപ്പൂർവ്വം ഒഴിവാക്കിയതും മറ്റു ചിലപ്പോഴൊക്കെ നിവൃത്തിയില്ലാതെ ഒഴിവാക്കപ്പെട്ടതുമായ വിശ്രമം. ജീവിതത്തിൽ പലപ്പോഴും കൊതിച്ചിട്ടുണ്ട്. പക്ഷെ നാളിതുവരെ അതിനു കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം.

അങ്ങനെ ഒരുപാടു ചോദ്യങ്ങളും ചിന്തകളും ഒക്കെ ആയി അൽപം നേരത്തെ തന്നെ തിരികെ വീട്ടിലെത്തി. തന്റെ ആധിപത്യം തിരിച്ചു പിടിച്ച സൂര്യൻ മുഖത്തിനു നേരേ ജ്വലിച്ചു നിൽക്കുന്നു. വല്ലാത്ത ക്ഷീണം. ഒന്നു കുളിച്ചാലൊ? മനസ്സിലുറപ്പിച്ചു. പതിവിനു വിപരീതമായി പുഴയിലേക്കു നടന്നു. നടവഴി പിന്നിടുമ്പൊൾ മനസ്സിലോർത്തു, ഒന്നു മുങ്ങി കുളിച്ചിട്ടിപ്പോൾ ഒരുപാടു കാലമായിരിക്കുന്നു. ഒന്നിനും ഒരിക്കലും സമയം ഉണ്ടായിരുന്നില്ല.

## *KAKC Picnic at Shawnee Mission Park this Saturday, May 19 3:00 p.m. to 8:00 p.m.*

KAKC is organizing our annual picnic this Saturday at the best picnic location in KC–Shawnee Mission Park–Shelter# 10. Many events for adults and kids – kabaddi, soccer, volleyball, athletics, housie, cards etc. No registration fee. KAKC will provide food. Open to members and non-members. Come with your friends. This is a great opportunity for new Malayalees to meet other members of our community. *So don't miss it!* Visit www.kakc.org for details.

## *Shuttle Badminton Launching May 15th*

We are happy to announce that we have rented Blue Valley middle school gyms for playing Shuttle Badminton. It will be played on Tuesdays from 6:30 p.m. to 8:30p.m. The first game will be at Overland Trail Middle School, 132nd / Lamar on May 15th. Based on school gym availability, the venue might change for future games. Please check our website for schedule, venue and directions to the gym.

## *Calendar of Events*

**May 19, 2007** - 3:00 p.m. – 8:00 p.m.
KAKC Picnic at Shawnee Park

**July 21, 2007** – 9:45 a.m.
Malayalam Movie – Vinodayathra

**September 8, 2007** - 4:00p.m. -9:00p.m.
Onam Celebration

**December 8, 2007** - 4:00p.m. -9:00p.m.
Christmas Celebration

**Tuesdays** - 6:30 p.m. – 8:30 p.m.
KAKC Shuttle Badminton

**Fridays** - 7:00 p.m. – 9:00 p.m.
KAKC Volleyball

# ബാക്കിപത്രം *… Continued from Page 1*

എപ്പോഴും തിരക്കോടു തിരക്ക്. ഇനി അങ്ങനെയാവില്ലല്ലൊ, എല്ലാത്തിനും ഒരുപാട് സമയമുണ്ടാവും. രണ്ടുമൂന്നു തവണ തണുത്ത വെള്ളത്തിൽ മുങ്ങി നിവർന്നപ്പോൾ, നല്ല സുഖം തോന്നി. അധികം താമസിയാതെ വീട്ടിലെത്തി വേഷമെല്ലാം മാറി വന്നപ്പൊൾ പതിവ് കട്ടൻ റെഡി, ചൂട് ചായ ഉള്ളിലേക്ക് ചെന്നപ്പോൾ ഉണ്ടായ ആലസ്യത്തിൽ പ്രിയപ്പെട്ട ചാരുകസേരയിൽ സ്വയം അമർന്നു...ക്ഷീണം കൊണ്ടാവണം കൺപോളകൾ സ്വയം കൂമ്പിയടഞ്ഞു... മനസ്സിലെ ചിന്തകളുടെ തുടർച്ചയായി കഴിഞ്ഞു പോയ ജീവിതം ഒരു ചലചിത്രം പോലെ മനസ്സിന്റെ വെള്ളിത്തിരയിൽ തെളിഞ്ഞു......

ജീവിതമെന്ന കോമാളി, ഒട്ടനേകം രൂപത്തിലും ഭാവത്തിലും വിധിയുടെ കൈയ്യും പിടിച്ചു ഈ ഹസ്സൻ മാസ്റ്ററുടെ മുന്നിലെത്തിയിട്ടുണ്ട്. ആദ്യം അനാഥത്വം സൃഷ്ടിച്ചു കൊണ്ട്, ജന്മം തന്ന വാപ്പയെ ഒരു ചെറിയ ഓർമ്മയായി പോലും നൽകാതെ തട്ടിയെടുത്ത ക്രൂരതയായി.....പിന്നീട്, പെറ്റമ്മ മറ്റൊരാളുടേതായി തറവാടിന്റെ പടിയിറങ്ങി പോയപ്പോൾ, ഉള്ളിൽ ഉയർന്ന വിങ്ങൽ ഒതുക്കാൻ കഴിയാതെ പൊട്ടിക്കരഞ്ഞ 6 വയസ്സുകാരന്റെ മുന്നിൽ വായ്പൊത്തി ചിരിച്ചു കൊണ്ട്......അതിനു ശേഷം അനാഥനായ കൊച്ചുമകന് സ്നേഹവും, അറിവും ഒക്കെ വാരിക്കോരി തന്ന ഉപ്പാപ്പയുടെ ഊഷ്മളമായ സംരക്ഷണത്തിൽ അസൂയപെട്ട മറ്റു ബന്ധുക്കളുടെ കോലത്തിൽ. വാക്കിലും നോക്കിലും എന്നെ എപ്പോഴും വേദനിപ്പിച്ചും, സഹതാപം അഭിനയിച്ചും ഉപദ്രവങ്ങൾ വിനോദമാക്കിയും അനേകം അവതാരങ്ങളായി, ഈ ഇരുവർ സംഘം എന്നും എന്നെ വിടാതെ പിന്തുടർന്നു.....

ഒരുപാടു ഏറ്റക്കുറച്ചിലുകളിലൂടെ കടന്നുപോയ എന്റെ ബാല്യം കൗമാരത്തിനു വഴിമാറുമ്പോൾ സഹനശക്തി ആവോളം നേടികഴിഞ്ഞിരുന്നു. വലിയ മോഹങ്ങളും സ്വപ്നങ്ങളും ഒന്നുമില്ലാതെ യൗവ്വനവും ജീവിതത്തിന്റെ പടികടന്നെത്തി. കലാലയ ജീവിതമെന്ന അതിശയത്തിന്റെ ലോകത്തിലേക്കു പകച്ചുനോക്കി നിൽക്കുമ്പോൾ, കാതടപ്പിച്ചുകൊണ്ട്, കരൾ തകർത്തു കൊണ്ട്, ഒരു വാർത്ത വന്നു. സ്നേഹനിധിയായ ഉപ്പാപ്പയും എന്നെ തനിച്ചാക്കി കൊണ്ട് കാലയവനികക്കു പിന്നിൽ മറഞ്ഞു. അതോടെ എന്റെ സംരക്ഷകനേയും എനിക്കു നഷ്ടമായി. പിന്നീടുള്ള ജീവിതം ഒരു സമരം തന്നെ ആയിരുന്നു..... അല്ല പടപ്പുറപ്പാട് തന്നെയായിരുന്നു എന്നു വേണം പറയാൻ..''നിനക്കൊന്നും നൽകില്ല'' എന്ന പിടിവാശി ജീവിതത്തിനും.....എനിക്കു വേണ്ടുന്നതു ജയിച്ചു നേടും എന്ന വാശി എനിക്കും.....ഒളിഞ്ഞും തെളിഞ്ഞും ജീവിതവും വിധിയും അവരുടെ ക്രൂരവിളയാട്ടം തുടർന്നു. തടുത്തും തൊടുത്തും, മുങ്ങിയും പൊങ്ങിയും ഒഴുക്കിനെതിരേ ഉള്ള നിരന്തര പ്രയാണം ഒരു തുടർകഥയായി ഞാനും.

ഉപ്പാപ്പയുടെ വേർപാടു ജീവിതത്തെ ആകെ മാറ്റി മറിച്ചു. ഒരിക്കൽ കൂടി അനാഥത്വം എന്നെ വരിഞ്ഞു മുറുക്കി. നിത്യവൃത്തി പോലും ബുദ്ധിമുട്ടായി തുടങ്ങി. നാടെങ്ങും കീർത്തികേട്ട തറവാട്ടിൽ സ്വത്തിനും പണത്തിനും കുറവ് ഉണ്ടായിട്ടായിരുന്നില്ല. മറിച്ച് കൂടിപോയതാവണം കാരണം. അതിന്റെ പേരിൽ ഒരു അനാഥനുള്ള അവകാശത്തെ മറ്റുള്ളവർ ഭയന്നു. തറവാട്ടിൽ ഉള്ളവർ സ്വത്തു വകകൾക്കായി കടിപിടി കൂട്ടി. പിച്ചിയും പറിച്ചും എല്ലാം എല്ലാവരും പങ്കിട്ടെടുത്തു. വാടകകെട്ടിടം ആയിരുന്ന പീടിക മുറികളുടെ പിന്നിലുള്ള മുറിയായിരുന്നു എന്റെ അവകാശമായി വന്നു ചേർന്നത്. ഒന്നിനു വേണ്ടിയും വാശി പിടിച്ചില്ല, പരാതി പറഞ്ഞില്ല. അതൊന്നും ചെയ്തിട്ടു പ്രത്യേകിച്ചു ഒരു കാര്യവുമില്ലായിരുന്നു എന്നതാണു വാസ്തവം. അല്ലെങ്കിൽ തന്നെ എന്റെ നഷ്ടങ്ങളിൽ ആർക്കും ഒരു ചേതവും ഇല്ലായിരുന്നല്ലൊ! ഒരിക്കലും...

എല്ലാം സഹിച്ചു, ക്ഷമിച്ചു. നഷ്ടങ്ങൾ എനിക്കിതു നടാടെ അല്ലല്ലൊ. കിട്ടിയ സ്വത്തും കൊണ്ടു നെട്ടോട്ടം ഓടി മറഞ്ഞ വലിയ മാമയുടെ കയ്യും പിടിച്ചു നടന്നു മറയുമ്പോൾ, എന്റെ ആരെല്ലാമോ ഒക്കെ ആയിരുന്ന ഫാത്തിമയുടെ കണ്ണുകൾ നനഞ്ഞിരുന്നൊ? അറിയില്ല. ഞാൻ കരഞ്ഞൊ? ആതും അറിയില്ല. വേർപാടുകൾ ഒരായിരം മുറിവുകൾ സമ്മാനിച്ച എന്റെ ഹൃദയത്തിൽ, ആഴത്തിൽ ഒരെണ്ണം കൂടി....ഒരു കൊച്ചു പൊടിയോളം വലുപ്പത്തിൽ അവളുടെ രൂപം അങ്ങകലെ മറയും വരെ കണ്ണിമ വെട്ടാതെ ഞാൻ നോക്കി നിന്നിരുന്നു. അന്ന് കണ്ണിൽ നിന്നു മറഞ്ഞ ആ രൂപം പോലെ അവളും സാവധാനം എന്റെ മനസ്സിൽ നിന്നു പടിയിറങ്ങി വിസ്മൃതിയുടെ ലോകത്തിലേക്കു നടന്നു മറഞ്ഞു.

ദിനരാത്രങ്ങൾ വീണ്ടും പൂത്തു കൊഴിഞ്ഞു. പഠനം തുടർന്നു. പകൽ കോളേജ് വിദ്യാഭ്യാസം........വൈകിട്ടു നായരുടെ അരി ഗോഡൗണിൽ കണക്കെഴുത്ത്. പഴയ ചങ്ങാതിയുടെ മകനു ഭാസ്കരൻ നായരുടെ വക സഹായഹസ്തം. തറവാട് വീട് സ്വന്തമായി കിട്ടിയ കൊച്ചുമാമ തന്റെ നിലക്കും വിലക്കും അനുസരിച്ചു വീട് പൊളിച്ചു പണിയാൻ തീരുമാനിച്ചു.....അങ്ങനെ പറഞ്ഞാൽ ശരിയാവില്ല, പകരം കൂട്ടിയാൽ കൂട്ടാനാവത്തത്ര മുകളിലുള്ള ഭാര്യ വീട്ടുകാരുടെ പുത്തൻ പണക്കൊഴുപ്പിനൊപ്പം എന്നു പറയുന്നതാവും കൂടുതൽ ശരി. ഏതായാലും അതു എന്റെ ജീവിതത്തിന്റെ ഗതി തന്നെ മാറ്റി മറിച്ചു. മറ്റു മാർഗ്ഗങ്ങൾ ഒന്നുമില്ലാത്തതു കൊണ്ടും, അതു ഒരവസരമാക്കിയും ഞാൻ താമസം എനിക്കു കിട്ടിയ മുറിയിലേക്കു മാറ്റി.

അതോടെ ശീലങ്ങളും രീതികളും മാറി. രാത്രി ഏറേ നേരം വായന. അറിവിന്റെ സാഗരത്തിൽ നീന്തിത്തുടിക്കുകായിരുന്നു... ആ മുറിക്കുള്ളിലേക്കു ഞാൻ എന്റെ ജീവിതം സ്വയം ഒതുക്കി. അതിനുള്ളിൽ ഉപ്പാപ്പ നിധി പോലെ.....അല്ല! നിധി എന്നു തന്നെ വേണം പറയാൻ, സൂക്ഷിച്ചിരുന്ന ഒട്ടനേകം പുസ്തകങ്ങൾ ആയിരുന്നു പിന്നീടുള്ള എന്റെ ലോകം. ആ പുസ്തകങ്ങളിലെ ഓരോ അക്ഷരവും എന്റെ അനാഥത്വം തുടച്ചു മാറ്റി കൊണ്ടു എന്റെ സ്വന്തമായി... ആവരുമായി ഒരുക്കലും പിരിയാത്ത ഒരു ചങ്ങാത്തം അവിടെ ആരംഭിച്ചു. എന്നും ഒരുപാടു സമയം അവിടെ ചിലവഴിച്ചിരുന്ന ഉപ്പാപ്പയുടെ സാന്നിധ്യം ആ കൊച്ചു മുറിയിൽ അനുഭവപെട്ടിരുന്നു. എന്തിനധികം, അദ്ദേഹം എന്റെ സ്വപ്നങ്ങളിൽ വന്നു എനിക്കു ചിലപ്പോൾ ഒക്കെ മാർഗ്ഗദർശനം പോലും തന്നിരുന്നു.

# ബാക്കിപത്രം

*… Continued from Page 2*

അന്നൊക്കെ ആകെയുള്ള ഒരാശ്വാസം അടുത്ത ചങ്ങാതിമാരായിരുന്നു. എന്തിനുമേതിനും കൂടെ നിന്ന നല്ല കൂട്ടുകാർ. നച്ചുവും ചങ്കനും സാമ്പാർ സ്വാമിയും ചാക്കോച്ചിയും ഒക്കെ എന്റെ നല്ല ചങ്ങാതിമാരായിരുന്നു. അഞ്ചാം ക്ലാസ്സിൽ വെച്ചാണു നച്ചുവിനെ പരിചയപ്പെട്ടത്. ആരോടും ഒന്നും മിണ്ടാതെ ക്ലാസ്സ് മുറിയുടെ മൂലയിൽ ഒതുങ്ങി ഇരുന്നിരുന്ന എന്റെ അടുത്തു വന്നു ഇങ്ങോട്ടു ബന്ധം സ്ഥാപിച്ച ചങ്ങാതി. നച്ചുവിന്റെ യഥാർഥ പേരു നൗഷാദ് എന്നാണെങ്കിലും, ഞാൻ ഒരിക്കൽ പോലും അങ്ങനെ വിളിച്ചിട്ടില്ല. അവൻ എന്നുമെന്റെ നച്ചുവായിരുന്നു. ആദ്യം കണ്ട അന്നു മുതൽ, കുറച്ചു നാൾ മുൻപു, സുഖമില്ലാത്ത വാപ്പയെ അവന്റെ ഏക മകൾ നിർബന്ധിച്ചു കൂട്ടി കൊണ്ടു പോകും വരെ, പിരിയാത്ത ചങ്ങാതിയായി, എന്റെ നിഴൽ പോലെ എന്നും എന്നോടൊപ്പം ഉണ്ടായിരുന്ന എന്റെ പ്രിയതോഴൻ. പിന്നെ സാമ്പാർ സ്വാമി, നാട്ടിലെ ഏറ്റവും നല്ല ബ്രാഹ്മണ ഹോട്ടലിന്റെ ഏക അവകാശിയായിരുന്നു സാമ്പാർ സ്വാമി എന്ന സുബ്രഹ്മണ്യൻ. ജന്മം കൊണ്ടു മാത്രമല്ല എല്ലാം കൊണ്ടും തികഞ്ഞ തനി ബ്രാഹ്മണൻ. പരമരസികനായായിരുന്നു സമ്പാർ സ്വാമി. തലമുറകൾ കൈമാറി വന്ന സ്ഥാനപ്പേരാണ് സാമ്പാർ സ്വാമി എന്നുള്ളത്. മനസ്സിലെ വിപ്ലവച്ചിന്തകൾ ഉരിയാടാൻ പോലും ഉള്ള ധൈര്യമില്ലാതിരുന്ന ഒരു ശരാശരി ജന്മം. പിന്നെ ജേക്കബ് എന്ന ചാക്കോച്ചി. ഞാനും നച്ചുവും ചങ്കനും സ്വാമിയും മാത്രമായിരുന്നു അവന്റെ ലോകം. അപ്പൂപ്പന്റെ പേരായ ചാക്കൊ എന്നാണ് പള്ളിയിൽ മാമ്മോദീസ മുക്കിയപ്പോൾ ഇട്ട പേരെങ്കിലും, അവൻ ഞങ്ങൾ കൂട്ടുകാർക്കെന്നും ചാക്കോച്ചി ആയിരുന്നു. ഞങ്ങൾ ഏർപ്പെട്ടിരുന്ന ഒരു കാര്യത്തിലും ഒരിക്കൽ പോലും ഞങ്ങളോടു യോജിക്കാൻ ചാക്കോച്ചിക്ക് കഴിഞ്ഞിട്ടില്ല. എങ്കിലും എന്തിനും ഏതിനും ഞങ്ങളൊടൊപ്പം എന്നും അവനുണ്ടായിരുന്നു.

ഇനി ചങ്കൻ, കിഴക്കേപ്പാട്ട് മനക്കലെ വലിയ നമ്പൂതിരിയുടെ എട്ട് സന്താനങ്ങളിൽ ഒരേയൊരു ആൺപ്പിറപ്പായ ശിവശങ്കരൻ നമ്പൂതിരി. ചങ്കായ ചങ്ങാതി എന്ന പ്രയോഗമാണ് ശങ്കരനെ എന്റെ ചങ്കനാക്കിയത്. പക്ഷെ ഈയുള്ളവന് അവനോടു മാത്രം നീതിപാലിക്കാൻ കഴിഞ്ഞില്ല. എന്റെ ജീവിതത്തിലെ നല്ലതും ചീത്തയുമായ എല്ലാ കാര്യത്തിനും ഇവരെല്ലാം എന്നും എന്നോടൊപ്പം ഉണ്ടായിരുന്നു. കാലത്തിന്റെ വികൃതികൾ ഈ നല്ലവരായ ചങ്ങാതിമാരേയും എന്നിൽ നിന്നു പറിച്ചെടുത്തു.

ചോദ്യങ്ങളുടെ രാവുകളും ഉത്തരങ്ങളുടെ പകലുകളും ഒക്കെയായി ജീവിതം മുന്നോട്ടു പോയി. ഒടുവിൽ പഠിച്ച കോളേജിൽ തന്നെ അധ്യാപകൻ ആയി ജോലി കിട്ടിയപ്പോൾ എന്തെല്ലാമൊ നേടി എന്ന അഭിമാനമായിരുന്നു മനസ്സു നിറയെ...വിരിഞ്ഞ നെഞ്ചും ഘാംഭീര്യത്തോടെ ഉയർത്തിപ്പിടിച്ച തലയുമായിട്ടാണ് എന്നും ജോലിക്കു പോയിരുന്നത്.. ഒരു ജേതാവിന്റെ ഭാവം അഹങ്കാരത്തൊടെ ഉള്ളിൽ നിറഞ്ഞിരുന്നു. ആധികം താമസിയാതെ ഒരു സത്യം എനിക്ക് മനസ്സിലായി. എന്റെ ഈ ജീവിതവിജയം ലോകത്തിൽ പ്രത്യേകിച്ച് മാറ്റങ്ങൾ ഒന്നും ഉണ്ടാക്കിയിട്ടില്ല എന്ന സത്യം. എന്തിനു വേണ്ടിയായിരുന്നു ഈ തത്രപ്പാട് ഒക്കെ എന്ന വിചാരം മനസ്സിനെ മദിച്ചു തുടങ്ങിയിരുന്നു. ആയിടക്കാണ് അടുത്ത ഒരു ബന്ധുവിന്റെ വീട്ടിൽ വെച്ചു ഉമ്മയെ കണ്ടത്.

# *Kerala Quiz – May 2007*

*Quiz Master: Hameed Shibli Ahammed*

**1.** Name the port in Kerala that was mentioned in King Solomon's notes from 1000 B.C.

**2.** Name the Malayalam actor who entered the cinema world by acting as a 'dupe' for stunt performance for the famous actor Devanand in a Hindi movie?
a) Jayan b) Captain Raju c) Balan K Nair d) Madhu

**3.** By what name was Guruvayoor known in the historical past?

**4.** India played the football semi finals in the 1956 Olympics. Two Keralites were part of the Indian team. Name them.

**5.** In the 1982 Kerala State Assembly elections, out of 140 seats which were contested, only 139 people represented their assembly constituency. What was reason for the leftover assembly constituency NOT being represented?

**6.** "Cheru Paithangalkku Upakaraartham Englishil Ninnu Paribhashappeduthiya Kathakal" - Who compiled this book of children's stories and what is the importance of this book in Kerala history?



**7.** Identify the person pictured here:

**8.** Which place is known as the Kodaikanal of Kerala?

**9.** Name the Kerala sports personality who won a medal with a record breaking performance in Tehran Asian Games.

**10.** Who is known as 'Valiya Kappithaan' in Venad's history? Name the famous fort which was built under his supervision.

**11.** Name the famous Malayalam film personality who spend early part of his film life as a dubbing artist mainly for the then hero Ravikumar?

**12.** Name the first politician in Kerala who became MLA (Member of Legislative Assembly) by court order after losing the election?

Send responses to contests@kakc.org by May 30

# *April Kerala Quiz Winners*



**Winner**: **Sanjay Nair**

Sanjay won $10 gift certificate

Sponsored by India Store of Olathe.

*Congratulations!!*

2nd - Litis Abraham – Litis won $5 Gift certificate sponsored by India Store of Olathe

3rd - Namitha Sunil 3rd - Leena Korott

Please visit our website for April questions & answers.

# ബാക്കിപത്രം … Continued from Page 3

അടുത്ത് വിളിച്ചിരുത്തി കാര്യങ്ങൾ ഒക്കെ തിരക്കി. വിശേഷങ്ങൾ പറഞ്ഞു. ആനുഗ്രഹവും അഭിമാനവും നിറഞ്ഞ ഒരു കൊച്ചു ചുംബനം എന്റെ നെറ്റിയിൽ തരുമ്പോൾ, തലമുടിയിലൂടെ ഓടിച്ച കൈവിരലുകൾ വിറക്കുന്നുണ്ടായിരുന്നു. ഉമ്മയുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. ഞാനും സന്തോഷം കൊണ്ടു വിതുമ്പി പോയി. ജേതാവിന്റെ ഭാവം വീണ്ടുമുള്ളിൽ രൂപം കൊണ്ടു. എന്റെ വിജയം ലോകത്തിൽ വലിയ ഒരു മാറ്റം തന്നെ സൃഷ്ടിച്ചിരിക്കുന്നു. സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും നിറകുടമായ മാതൃത്വം അഭിമാനിക്കുന്നു. എന്റെ വിജയത്തിന്റെ തിളക്കത്തിന് ആക്കം കൂടി.

ദൂരെയായിരുന്നെങ്കിലും എന്റെയുമ്മ എന്റെ ജീവിതത്തിലെ ഒരോ നിമിഷവും അറിയുന്നുണ്ടായിരുന്നു എന്ന സത്യം അന്നാണ് എനിക്കു മനസ്സിലായത്. മാതൃത്വത്തിന്റെ ഊഷ്മളമായ ചൂട് ഞാൻ അന്നറിഞ്ഞു. അന്നു തൊട്ട് ഉമ്മയെ കാണാൻ കിട്ടിയ ഒരവസരവും പാഴാക്കിയില്ല. നിലത്തെഴുത്ത് മുതൽ ഇങ്ങോട്ടുള്ള ഒരുപാട് കഥകൾ ഉമ്മ എന്നൊടു പലപ്പോഴായി പറഞ്ഞു. ഉമ്മയുടെ അടുത്തു ചേർന്നിരിക്കുമ്പൊൾ നഷ്ടപ്പെട്ട ബാല്യം എനിക്കു തിരികെ കിട്ടുകയായിരുന്നു. മനസ്സിന്റെ മണിച്ചെപ്പിൽ സൂക്ഷിച്ച ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട നിമിഷങ്ങളുടെ മുൻനിരയിൽ തന്നെ ഇതൊക്കെ ഇപ്പോഴുമുണ്ട്.

കാലചക്രം വീണ്ടും മുന്നോട്ട്. ജീവിതത്തിൽ ഒരു സഹയാത്രികയെ പറ്റി അതുവരെ ചിന്തിച്ചിരുന്നില്ല. കോളേജിൽ എന്റെ സഹപാഠിയായിരുന്നു സാവിത്രി. രണ്ട് വർഷം ജൂനിയർ. ഒരെ കവലയിൽ നിന്നു ബസ്സ് കയറിയിരുന്ന സഹയാത്രികർ. സീനിയർ വിദ്യാർഥിയോടുള്ള ചെറിയ ചെറിയ സംശയ നിവാരണങ്ങളിൽ ഒതുങ്ങിയ ഒരു കുഞ്ഞു സൗഹൃദം. ആതായിരുന്നു ആരംഭം. ഒരേ ചിന്താധാരയാവാം ഞങ്ങളെ നല്ല സുഹൃത്തുക്കളാക്കിയതും കൂടുതൽ അടുപ്പിച്ചതും. സഹപാഠി പിന്നീടു സഹപ്രവർത്തകയായപ്പോൾ ബന്ധം ഒന്നു കൂടി ദൃഡമായി. അവളുടെ സാന്നിധ്യം എന്നിൽ ഒരു പ്രത്യേക ഉത്സാഹം തന്നെ സൃഷ്ടിക്കുന്നതു ഞാൻ സ്വയം അറിയുന്നുണ്ടായിരുന്നു. ഒന്നും പുറത്തു കാണിക്കുകയൊ ഭാവിക്കുകയൊ ചെയ്തില്ല. കാലം അങ്ങനെ മുന്നോട്ടു കടന്നു പോകവെ, ഇടക്കു വെച്ചെപ്പോഴൊ സൗഹൃദത്തിന് പ്രണയത്തിന്റെ അരുണിമ കൈവന്നു. ഒരിക്കലും പിരിയാനാവാത്ത ഹൃദയബന്ധം ഉടലെടുത്തു. അധികം നാൾ ഒളിപ്പിക്കാനായില്ല. രഹസ്യം പരസ്യമായി. സാമൂഹിക ഉച്ചനീചത്വങ്ങൾ കത്തി വേഷം ആടി തിമിർത്തിരുന്ന കാലത്ത്, ഒരു യാഥാസ്ഥിതിക മുസ്ലിം കുടുംബമായിരുന്ന വലിയ മാളിയേക്കലെ, കുഞ്ഞഹമ്മദ് ഹാജിയുടെ പൗത്രൻ, കിഴക്കേപൊട്ട് മനക്കലെ കൊച്ചുതമ്പുരാട്ടിയായ സാവിത്രിയുടെ കയ്യുംപിടിച്ചു പടിയിറങ്ങിയപ്പോൾ ചുറ്റുമുള്ള ലോകം ഒന്നു ഞെട്ടി.

അന്നൊരു വിപ്ലവകാരിയുടെ മനസ്സായിരുന്നു. ഇടക്കു വെച്ചു തളർന്നു പോകുമെന്നു തോന്നിയപ്പോൾ നച്ചുവും ചാക്കോച്ചിയുമാണ് ധൈര്യം പകർന്നു തന്നത്. ഞാനെപ്പോഴും ഓർക്കും, ഇവർ രണ്ടും എന്റെ കൂടെ ഇല്ലാതിരുന്നെങ്കിൽ സാവിത്രിയെ എന്റെ ജീവിതപങ്കാളിയായി നേടാൻ എനിക്കൊരിക്കലും കഴിയുമായിരുന്നില്ല.

… Continued on Page 5

## Thank you

*This issue of **KAKC News & Views** is sponsored by:*

1. George Cherian
2. Gopi Govindan
3. Peter Chemmalakuzhy
4. Shyju Lonappan

*Next issue of KAKC News & Views depends on you. Your articles and support are very important to this newsletter. Please send your articles to editor@kakc.org. Each issue of KAKC News & Views costs $100 (Printing $35 + Mailing $65) **Contributing $10 is one of the ways to support our newsletter.***

*If you believe KAKC News & Views is good for our community, send a check payable to KAKC for $10 (or more!) to our Treasurer, **Sridevi Pradeep 14304 Flint St., Overland Park, KS - 66221**. We look forward to your generous contributions.*

## KAKC Volleyball – New Location

Our Indoor Volleyball games will move to a new venue starting June 1st – Overland Trail Middle School, 132nd/Lamar. Same time, Fridays from 7:00 to 9:00PM. Schedule and venue are also posted on our website.

## Early Bird Draw Winner



*Dawn Jacob receiving the Early bird prize for the March movie from President Dr. Sreekumar Nair & Movie Coordinator Dr Gopakumar TG. Come 10 minutes early for a chance to win a prize for the July movie also.*

## Contact Us

E-mail: committee@kakc.org
Website: www.kakc.org

| | | |
|---|---|---|
| Sreekumar Nair | President | 897-7200 |
| Vincy Abraham | Vice President | 451-8839 |
| Manoj Puravoor | Secretary | 685-7919 |
| Sridevi Pradeep | Treasurer | 897-5817 |
| Seiji Thomas | Joint Secretary | 681-3197 |
| Shiras Rajendran | Webmaster | 766-3911 |
| Ravi Perumparambil | Program Coordinator | 766-5693 |
| Gopakumar TG | Movie Coordinator | 544-7282 |
| Ronie Chazhoor | Editor | 663-2434 |
| Molly Abraham | Member in the wings | 894-0507 |

# ബാക്കിപത്രം - ഹമീദ് അഹമ്മദ്

… Continued from page 4

ഹൈസ്കൂൾ കാലത്തെ വിപ്ലവദിവസങ്ങളിൽ ഒരിക്കൽ, ഊരിയ വടിവാളുമായി എനിക്കു ചുറ്റും വളഞ്ഞ ആയുധധാരികളുടെ നടുവിൽ, എന്റെ മുന്നിൽ കയറി നിന്നു കൊണ്ട്, ഇവന്റെ ശരീരത്തു ഒരുനുള്ള് മണ്ണു പോലും ഇടണമെങ്കിൽ, ആദ്യമെന്നെ കൊല്ലാതെ നിങ്ങൾക്കതിനു കഴിയില്ലെന്നു നെഞ്ചുവിരിച്ചു നിന്ന പറഞ്ഞ നച്ചുവിനു, സാവിത്രിയെ വിളിച്ചിറക്കാൻ കൂട്ടു വരാൻ ഒരു ബുദ്ധിമുട്ടും ഇല്ലായിരുന്നു. ആദ്യത്തെ ഏഴു ദിവസം കഴിഞ്ഞതു ചാക്കോച്ചിയുടെ വീട്ടിലും. ഇപ്പോഴും നന്നായി ഓർക്കുന്നു, കണ്ണിമ വെട്ടാതെ എനിക്കും സാവിത്രിക്കും കാവൽ നിന്ന നച്ചുവിനേയും ചാക്കോച്ചിയേയും. ജാതി മതങ്ങളുടെ ചേർച്ചയില്ലായ്മ കാരണം സാമ്പാർ സ്വാമിക്ക് എന്നേയും എന്റെ സാഹസത്തിനേയും നേരിട്ടു പിന്തുണക്കാൻ കഴിഞ്ഞില്ലെങ്കിലും അവനെ കൊണ്ടു ചെയ്യാൻ കഴിയുന്ന സഹായങ്ങളുമായി അവനും കൂട്ടിനുണ്ടായിരുന്നു.

പക്ഷെ, ചങ്കൻ മാത്രം. എന്റെ ചങ്കായ ചങ്ങാതി മാത്രം, എന്നെ തള്ളിപ്പറഞ്ഞു. അതിനു തക്കതായ കാരണവുമുണ്ടായിരുന്നു. ഞാനും സാവിത്രിയും തമ്മിലുള്ള അടുപ്പം ചങ്കൻ അറിഞ്ഞിരുന്നില്ല. ഞങ്ങളുടെ ബന്ധം ചങ്കനെ ഒളിപ്പിക്കുന്നത് എനിക്ക് തീരെ ഇഷ്ടമായിരുന്നില്ല. ചങ്കനോട് എല്ലാം തുറന്നു പറയാൻ ഞാൻ പലതവണ തുനിഞ്ഞതാണ്, അപ്പോഴൊക്കെ, ഏട്ടനോടൊന്നും പറയരുതു എന്നെന്നെ വിലക്കിയത് സാവിത്രിയായിരുന്നു. അതിന്റെ കാരണം ഇന്നും എനിക്കറിയില്ല. സ്വന്തം സഹോദരി സ്വീകരിച്ച അന്യജാതിയിൽപ്പെട്ട ജീവിതപങ്കാളിയെ അംഗീകരിക്കാൻ അവനൊരിക്കലും കഴിഞ്ഞില്ല എന്നു എല്ലാവരേയും പോലെ ഞാനും കരുതിയിരുന്നു. പക്ഷെ എനിക്ക് തെറ്റുപറ്റി എന്നു മനസ്സിലായതു ഏറേ വൈകിയാണ്.

സമൂഹത്തിന്റേയും സമുദായങ്ങളുടേയും ഒക്കെ മുന്നിൽ പിടിച്ചു നിൽക്കാൻ പലപ്പോഴും വളരെയധികം പാടുപെട്ടിരുന്നു ആവോളം പൊരുതി. ഒടുവിൽ രണ്ടു സമുദായങ്ങളും ഞങ്ങളെ മനപ്പൂർവ്വം മറന്നു. ഞങ്ങളുടെ മാത്രമായ ലോകത്തിലേക്കു ഞങ്ങൾ ഒതുങ്ങി. തുടർന്നുള്ള ദിനങ്ങൾ പ്രണയസാഫല്യത്തിന്റെ സുന്ദരസുരഭില നാളുകളായിരുന്നു. ഈരേഴു പതിനാല് ലോകവും കാൽക്കീഴിൽ കിടന്നുരുളുകയായിരുന്നു. ഞങ്ങളുടെ ദാമ്പത്യം ഒരു സുഖമുള്ള കുളിർക്കാറ്റായി, കാട്ടാറിന്റെ കളകളാരവത്തോടെ, ചിലങ്കയുടെ നാദം പോലെ, ഒരു മലർമഴയായി പെയ്തിറങ്ങി. ഇണക്കങ്ങൾ...പിണക്കങ്ങൾ... കൊഞ്ചലുകൾ... പരിഭവങ്ങൾ.... ഇതില്ലെല്ലാം ഓമനിച്ചു ഒളിപ്പിച്ച് സൂക്ഷിച്ച നിസ്സ്വാർഥ സ്നേഹം. ആ സ്നേഹമൂട്ടി ഞാനും എന്റെ താത്രിക്കുട്ടിയും ഞങ്ങളുടെ ബന്ധം വളർത്തി.

വർഷങ്ങൾക്കു ശേഷം ഈ കഥകളൊക്കെ മക്കളോട് പറയുമ്പോൾ, ഏഴുകടലുകളും, ഏഴുപതു മലകളും, എഴുന്നൂറു പടയും ജയിച്ചു, സ്നേഹിച്ച പെണ്ണിനെ സ്വന്തമാക്കിയ അറബിക്കഥയിലെ സുൽത്താന്റെ ഭാവമായിരുന്നു മനസ്സിൽ. ഏല്ലാം കേട്ടുകൊണ്ട് തലയാട്ടി ഒന്നും മിണ്ടാതെ ചുണ്ടിന്റെ കോണിൽ വിടരുന്ന ചെറുപുഞ്ചിരിയുമായി, കള്ളനോട്ടം നോക്കിയിരിക്കുന്ന സാവിത്രിയുടെ രൂപം ഇപ്പോഴുമുണ്ട് മനസ്സിൽ. മക്കളെ ലാളിക്കുന്നതിൽ മത്സരിക്കുന്ന തിരക്കിൽ, സ്വന്തം സ്നേഹം അളക്കാൻ ഞങ്ങൾക്കു സമയം കണ്ടെത്താൻ കഴിഞ്ഞില്ല. ചിലപ്പോൾ ഓർക്കും, എന്നോട് അവൾക്കുണ്ടായിരുന്ന വികാരമെന്തായിരുന്നു? പ്രേമം തന്നെ ആയിരുന്നൊ? അതൊ ആദ്യം എന്നോട് തോന്നിയിരുന്നു എന്നാവകാശപ്പെട്ട ആരാധനയൊ? ഇതൊന്നുമല്ലാതെ ഇനി മറ്റുവല്ലതും ആയിരുന്നൊ? ഉത്തരം അറിയണമെങ്കിൽ അവളോട് തന്നെ ചോദിക്കണം. അതിനുള്ള ധൈര്യം എനിക്കില്ലായിരുന്നു. ഉത്തരം ഞാൻ ഇഷ്ടപ്പെടാത്ത സത്യമാകുമൊ എന്ന ഭയം എന്റെ ചിന്തക്ക് എന്നും കടിഞ്ഞാണിട്ടിരുന്നു. അവളുടെ സ്നേഹം നേടുന്ന കാര്യത്തിൽ ഞാനൽപ്പം സ്വാർഥത കാട്ടിയിരുന്നു, എന്നും.

സമയത്തിന്റെ കുത്തൊഴുക്കിനൊപ്പം, എന്റെ ജീവിതത്തിൽ വളരെ പ്രധാനവും നിർണായകവുമായ ഒരുപാടു കാര്യങ്ങൾ ഒഴുകിയെത്തി. പതിവു പോലെ നോമ്പുമാസം തീരാറായപ്പോൾ പുതിയ തുണിത്തരങ്ങളുമായി ഉമ്മയെ കാണാൻ ആ വർഷവും പൊയി. ഞാൻ അവിടെ ചിലവഴിച്ചത്രയും നേരം എന്നെ അടുത്തു നിന്നു മാറാൻ ഉമ്മ സമ്മതിച്ചില്ല. സുഖമില്ലാതിരിന്നിട്ടും ഡോക്ടറുടെ വാക്കും ധിക്കരിച്ച് ഉമ്മ ആ വർഷവും നോമ്പെല്ലാം പിടിച്ചു എന്നറിഞ്ഞപ്പോൾ ഞാൻ സ്നേഹത്തോടെ ശാസിച്ചു. "ന്റെ ജീവിതത്തിൽ ഒരു നോമ്പും ഞാൻ ഇന്നോളം മുടക്കിയിട്ടില്ല. ഇനി ഒരു നോമ്പു മാസം കൂടാനും, നോമ്പ് പിടിക്കാനും ഞാൻ ഇല്ലാതെ പോയാലൊ മോനെ"......ഒരു ചെറുപുഞ്ചിരിയോടെയുള്ള ഉമ്മയുടെ മറുപടി ഇപ്പോഴും മനസ്സിൽ നിന്നു മായാതെ കൺമുന്നിലുണ്ട്. ആ ശബ്ദം എന്റെ കാതിലിപ്പോഴും മുഴങ്ങുന്നുണ്ട്. ഉമ്മയുടെ സംശയം ശരിയായി. ആ വർഷത്തെ പെരുന്നാളു കൂടാൻ പോലും കാത്തുനിൽക്കാതെ സ്നേഹക്കണക്കിന്റെ ശിഷ്ടവും നഷ്ടവും എനിക്കു മനസ്സിലാക്കിതന്ന ആ ജന്മം പൊലിഞ്ഞു. മറ്റു ബന്ധങ്ങൾ സ്നേഹത്തിന്റെ പ്രതിഫലനമാകുമ്പോൾ, മാതൃസ്നേഹമതിന്റെ സാക്ഷാത്കാരമാണ്. അനേകായിരം മൃദുലവികാരങ്ങളുടെ സമന്വയമാണ്. ഇതു ഞാനനുഭവിച്ചറിഞ്ഞ മഹത്തായ സത്യം.

വിധിയുടെ ഒളിച്ചുകളി എന്റെ ജീവിതത്തിൽ ഒരു തുടർകഥയായി. ഇത്തവണ ഒരിക്കലും നികത്താനാവാത്ത നഷ്ടമായിരുന്നു ഫലം. സാവിത്രി ഒരു ദിവസം രാവിലെ തലവേദനിക്കുന്നു എന്നു പറഞ്ഞു, വൈകിട്ടു ചെറുതായി പനി തുടങ്ങി. വർഷകാലം ആയിരുന്നതിനാൽ കാലത്തെണീറ്റു ഡോക്ടറെ കാണാം എന്നുറപ്പിച്ചു. രാത്രിയുടെ അന്ത്യയാമത്തിൽ ഇടക്കെപ്പൊഴോ ഉണർന്നെണീറ്റു എന്നൊടു ഇത്തിരി വെള്ളം ചോദിച്ചു. അതു കുടിച്ച ശേഷം എന്റെ മടിയിൽ തലവെച്ചുറങ്ങി. ആതു ഒരിക്കലും ഉണരാത്ത ഉറക്കമായിരുന്നു എന്നു ഞാൻ അറിഞ്ഞപ്പോഴേക്കും ഒരുപാടു വൈകി പോയിരുന്നു........സഹയാത്രികയായി, സഹപാഠിയായി, സഹപ്രവർത്തകയായി ഒടുവിൽ സഹധർമ്മിണിയായി തീർന്ന എന്റെ സാവിത്രി എന്നെ തനിച്ചാക്കി കടന്നു പൊയി. ഒരു കോടി ജന്മങ്ങളുടെ പുണ്യമായ സ്നേഹം എനിക്കു ഒരു കൊച്ചു ജന്മത്തിലൂടെ നൽകിയിട്ടു അവൾ നടന്നു മറഞ്ഞു. സ്നേഹിച്ചു കൊതി തീരും മുൻപ്....ഒന്നിച്ചു ജീവിച്ചു മതി വരും മുൻപ്...ഒരു കൊള്ളിയാൻ പോലെ അവൾ മിന്നി മറഞ്ഞു.

ഉള്ളുനിറയെ കാരമുള്ളുകൾ വാരിവിതറിയ വേദന അനുഭവപെടുമ്പോഴും, ഞങ്ങളുടെ എല്ലാമെല്ലാമായിരുന്ന മക്കൾക്കു വേണ്ടി, ഞാൻ പിടിച്ചു നിന്നു….. പിന്നീടങ്ങോട്ടു അവരായി എന്റെ എല്ലാം, അവർക്കു വേണ്ടി ഉഴിഞ്ഞു വെച്ച ഒന്നായി എന്റെ ജീവിതം..... അവർ തന്ന പ്രതീക്ഷകൾ, അവരുടെ നേട്ടങ്ങൾ തന്ന അഭിമാനം. ഇതിനിടയിൽ സംഭവിച്ച ചെറിയ ചെറിയ നഷ്ടങ്ങൾ...ആ നഷ്ടങ്ങൾ തന്ന കൊച്ചു കൊച്ചു ദുഖങ്ങൾ. അതിനേക്കാളൊക്കെ വലിയ സന്തോഷങ്ങൾ. പ്രതീക്ഷിച്ചതു പോലെ കുട്ടികളെല്ലാം നല്ലനിലയിൽ തന്നെ എത്തി........ പറക്കമുറ്റിയ മക്കൾ അവരുടെ ജീവിതത്തിന്റെ അടിത്തറ പാകിയതു മറ്റു നാടുകളിലായപ്പോൾ വീട്ടിൽ ഞാൻ തനിച്ചായി, മനസ്സു പിടഞ്ഞു. ഏങ്കിലും തടഞ്ഞില്ല. ആവരായി... അവരുടെ ലോകമായി. സ്വന്തം കുട്ടികൾ സുഖമായും സന്തോഷമായും ഇരിക്കുന്നു എന്നറിയുന്നതിലും വലിയ മറ്റെന്ത് സന്തോഷമാണു മാതാപിതാക്കൾക്കു ലഭിക്കുക. ഇതൊന്നും കാണാനും കേൾക്കാനും എന്റെ സാവിത്രി എന്നോടൊപ്പം ഇല്ലല്ലൊ എന്ന വേദന എന്നത്തേയും പോലെ ഇപ്പൊഴും ഒരഗ്നിയായി ഉള്ളിൽ തന്നെ ഉണ്ട്.

എന്നെ ദുഖത്തിന്റെ ആഴക്കടലിലേക്ക് തള്ളിവിട്ട ഒരു കാര്യം കൂടി സാവിത്രി എന്നെ വിട്ടു പിരിഞ്ഞ ദിവസം സംഭവിച്ചു. വർഷങ്ങൾക്കു ശേഷം ചങ്കൻ എന്നെ കാണാൻ വന്നതു അന്നാണ്. ഒരുപാട് നേരമൊന്നിച്ചുണ്ടായിട്ടും ഒരക്ഷരം പോലും ഞങ്ങൾ തമ്മിൽ സംസാരിച്ചില്ല. ചടങ്ങുകളെല്ലാം കഴിഞ്ഞെല്ലാവരും മടങ്ങി. ഒടുവിൽ പിരിയാൻ നേരത്ത്, അവൻ അടുത്തു വന്നെന്നോടു യാത്ര ചോദിച്ചപ്പോൾ ഞാൻ, അറിയാതെ വിങ്ങിപ്പൊട്ടി പോയി. അവ്യക്തമായ മുറിഞ്ഞ വാക്കുകളിൽ ഞാൻ എന്തൊക്കെയോ പുലമ്പി. ഒന്നും ഓർക്കുന്നില്ല. ഒരു കാര്യം വ്യക്തമായോർക്കുന്നു, അതിനു ഒരു ക്ഷമാപണത്തിന്റെ സ്വരമുണ്ടായിരുന്നു. അതിനു അവൻ പറഞ്ഞ മറുപടി ഞാനൊരിക്കലും മറക്കില്ല. “എന്തിനായിരുന്നു നിങ്ങൾ എന്നോട് ഈ ബന്ധം ഒളിപ്പിച്ചത്? താത്രിക്കുട്ടിയെ നിനക്ക് ഇഷ്ടമായിരുന്നെങ്കിൽ, എന്നോട് ഒരു വാക്കു പറയാമായിരുന്നു. എങ്കിൽ നിങ്ങളേ തടയാൻ വരുന്നവന്റെ തലകൊയ്യാൻ ഈ ചങ്കനുണ്ടാകുമായിരുന്നു നിങ്ങളുടെ മുന്നിൽ. അവൾ എന്നെ പേടിച്ചിട്ടാണ് എന്നു ഒരു വാദത്തിനു വേണ്ടി സമ്മതിക്കാം. പക്ഷെ, നിനക്കെങ്കിലും ഒരു വാക്കെന്നൊടു പറയാമായിരുന്നു.”.

സങ്കടം കൊണ്ട് ചങ്കു തകർന്നു നിൽക്കുന്ന എന്നെ ആശ്വസിപ്പിച്ചു കൊണ്ട് അവൻ തുടർന്നു. “പോട്ടെ, എല്ലാം കഴിഞ്ഞില്ലേ. എന്റെ താത്രിയും പോയി. ഇനിയിപ്പോൾ പറഞ്ഞിട്ടു ഒരു കാര്യവുമില്ല. എല്ലാം വിധി എന്നു കരുതി സമാധാനിക്കാം. എന്തുകൊണ്ടോ നിന്നോടു പൊറുക്കാൻ കഴിയുന്നില്ല ഈ ചങ്ങാതിക്ക്. എന്നു കരുതി നിന്നോട് എനിക്കു വിദ്വേഷമൊ വെറുപ്പൊ ഒന്നുമില്ല. അന്നും ഇന്നും എന്നും നീ എനിക്കെന്റെ പൊന്നു ചങ്ങാതി തന്നെയായിരുന്നു. മരിക്കുംവരെ അങ്ങനെ തന്നെയായിരിക്കും” എന്നു പറഞ്ഞു കൊണ്ട്, എന്നെ തള്ളി മാറ്റി അവൻ എന്റെ വീടിന്റെ പടിയിറങ്ങി പോയി. പിന്നീടൊരിക്കലും ഞങ്ങൾ തമ്മിൽ സംസാരിച്ചിട്ടില്ല. അവൻ അതിനവസരം തന്നില്ല. ഞാൻ ശ്രമിച്ചുമില്ല. ഞങ്ങളുടെ വഴി എന്നേ പിരിഞ്ഞു കഴിഞ്ഞിരുന്നു. രണ്ട് വർഷം മുൻപ് അവന്റെ കത്തിയമരുന്ന ചിതക്കു മുന്നിൽ നിന്നു കൊണ്ട് ഒരു പ്രാർഥന എന്ന പോലെ ഞാൻ കരഞ്ഞു പറഞ്ഞു.“എന്നോട് നീ പൊറുക്കില്ലേ എന്റെ പൊന്നു ചങ്ങാതി”. കരളു നുറുങ്ങുന്ന വേദന ഞാൻ അന്നറിഞ്ഞു. എന്റെ ഹൃദയം പിച്ചിചീന്തിക്കൊണ്ട് വിധി എന്ന കോമാളി പേക്കൂത്ത് ആടുകയായിരുന്നു.

ഔദ്യോഗിക ജീവിതം മടുത്തു തുടങ്ങിയിരുന്നു. മറ്റൊരു കാര്യത്തിലും പ്രത്യേകിച്ചു താത്പര്യം ഇല്ലാതിരുന്നതു കൊണ്ട് ജോലിയും കൂലിയും തുടർന്നു. സഹായത്തിനും പാചകത്തിനും ഉമ്മയുടെ ഒരു ബന്ധു വരും. മക്കളും കൊച്ചു മക്കളും ഇടക്കൊക്കെ അവധിക്കാലത്തു വരും. അതിനായി വഴിക്കണ്ണുമായി കാത്തിരിക്കാറുണ്ട്. കൊച്ചു മക്കളോടൊത്ത് കളിക്കുമ്പോൾ, അവരുടെ കളികൾ നോക്കിനിൽക്കുമ്പോൾ….ഞാൻ എന്റെ ഉപ്പാപ്പയെ ഓർക്കും. ഞാൻ ഇന്നഭിമാനിക്കുന്നതു പോലെ അന്നു എന്റെ ഉപ്പാപ്പയും ഈ കൊച്ചുമകനെ കുറിച്ചോർത്ത് അഭിമാനിച്ചിരിക്കുമൊ? ഉണ്ടാവണം... പക്ഷേ എന്റെ ഉള്ളിൽ ഉണ്ടായ ആഹ്ലാദം കണ്ണുകളിൽ തിളക്കമാകുന്നതു എനിക്ക് തന്നെ അറിയാം. ഈ തിളക്കം ഞാൻ എന്റെ ഉപ്പാപ്പയുടെ കണ്ണുകളിൽ കണ്ടിരുന്നില്ലല്ലൊ....ഒരു പക്ഷേ ശ്രദ്ധിക്കാഞ്ഞിട്ടാവും... ഇനി അങ്ങനെ അല്ലെങ്കിൽ കൂടിയും അങ്ങനെ സമാധാനിക്കാനാണു എനിക്കിഷ്ടം. പറഞ്ഞു വരുമ്പോൾ നിരന്തരമായ പോരാട്ടത്തിനിടയിലും ഇങ്ങനെ ചില കൊച്ചു സന്ധികളൊക്കെ ഉണ്ടായിട്ടുണ്ട് ഞാനും എന്റെ ജീവിതവും തമ്മിൽ.

ജീവിതമെന്ന നാടകത്തിൽ കിട്ടിയ വേഷം എന്നാലാവും വിധം നന്നായി ചെയ്തു ഫലിപ്പിച്ചിരിക്കുന്നു. വേഷപ്പകർച്ചകളെല്ലാം തന്നെ ഭംഗിയായി ആടി. ഇനി അരങ്ങൊഴിയണം. ജീവിതനാടകത്തിന്റെ തിരശ്ശീല വീഴാനുള്ള സമയമറിയിക്കുന്ന മണിനാദം മുഴങ്ങുമ്പോൾ, എനിക്കു മുന്നിൽ നടന്നു മറഞ്ഞവരെ പോലെ ഒരിക്കൽ ഞാനും ഈ അരങ്ങൊഴിയും. ഇനി എനിക്കു കാത്തിരിക്കാൻ ആ മണിനാദം മാത്രമാണുള്ളത്.

കാതോർത്തു!. കേൾക്കുന്നുവൊ മണിനാദം!! ഇല്ല! ഇതു വരെ ഇല്ല. കാത്തിരിക്കുക തന്നെ. ഒരു ദീർഘനിശ്വാസം കൂടി എന്നിൽ നിന്നു രക്ഷനേടി അന്തരീക്ഷത്തിൽ വിലയം പ്രാപിച്ചു. കാലമെന്ന കഥാകാരൻ തന്റെ ഏടുകൾ എടുക്കുകയാവും ഇപ്പോൾ........ഒരു ജീവിതത്തിന്റെ ബാക്കിപത്രം കൂടി എഴുതിച്ചേർക്കാൻ........ഇന്നു രാവിലെ ആരൊ പറഞ്ഞതോർക്കുന്നു…..ഇനി അൽപം വിശ്രമം ഒക്കെ ആകാം. കണ്ണുതുറന്നു പുറത്തേക്കു നോക്കി. നേരം വളരെ വൈകിയിരിക്കുന്നു. പകലറുതി വിളിച്ചോതി കൊണ്ടു പ്രഭാവം നഷ്ടപെട്ട പകലവൻ എങ്ങോ ഓടി ഒളിച്ചിരിക്കുന്നു......ഒരു തിരിച്ചു വരവിന്റെ പ്രതീക്ഷയോടെ....പ്രതിജ്ഞയോടെ......

നേരിയ ഒരു ചുവപ്പു മാത്രം ചക്രവാളത്തിൽ അവശേഷിക്കുന്നു. കത്തിയമർന്ന ജീവിതാഗ്നിയിലെ കനൽപ്രകാശം പോലെ....പതുക്കെ പതുക്കെ അതും കെട്ടടങ്ങുകയായി. എന്റെ കണ്ണുകൾ വീണ്ടും അടഞ്ഞു.....നിദ്രയുടെ ആഴങ്ങളിലേക്കു സാവധാനം വഴുതി വീണു.....

* * * * * * * * * *